അഭിമുഖം

കെ.ഇ.എൻ /
അൻവർസ്വാദിഖ്

# ചരിത്രംപഠിച്ചിട്ടും ചിലർക്ക് ഹിച്ച്കോക്കിന്റെ കാഴ്ചപ്പാട്



***1921ലെ മലബാർ സമരം ഇനിയും ആവർത്തിക്കണം, അത് ആഘോഷിക്കണം, കൂടുതൽ തീവ്ര മായ കലാപവാസന സൃഷ്ടിക്കാൻ അത്യാവശ്യമാണ് എന്നിങ്ങനെ യുള്ള കെ.ഇ.എന്നിന്റെ വാദത്തെ കഴിഞ്ഞ ലക്കം സത്യധാരയിലൂടെ എം. ഗംഗാധരൻ വിമർശിച്ചു കണ്ടു. എന്തുകൊണ്ടാണ് താങ്കൾ അങ്ങനെ വാദിക്കുന്നത്?***

= അതിൽ പല പ്രശ്നങ്ങളുമുണ്ട്. ഒന്നാമതായി ഒരു സമരവും ആരെത്ര ആഗ്രഹിച്ചാലും അതേപോലെ ആവർത്തിക്കില്ല. ഏതെങ്കിലും ആളുകൾ പ്രസംഗിക്കുന്നതു കൊണ്ടോ കൽപ്പിക്കുന്നത് കൊണ്ടോ അല്ല, ചരിത്രത്തിലെ ഒരു സമരവും ഉണ്ടായിത്തീരുന്നത്. അതേ സമയം സമരത്തിന് അനുകൂലമോ പ്രതികൂലമോ ആയ അന്തരീക്ഷമുണ്ടാക്കാൻ ആശയ പ്രചരണത്തിനു സാധിക്കും. ആ അർത്ഥത്തിൽ തൊള്ളായിരത്തി ഇരുപത്തി ഒന്നിലെ മലബാർ സമരം അന്നുമാത്രം സംഭവിച്ച ഒരു അത്ഭുതമല്ല.

1836 മുതൽ തന്നെ അസംതൃപ്തരായ കർഷകർ പലതരത്തിലുള്ള സമരങ്ങൾ നടത്തിയിട്ടുണ്ട്. അതിന്റെ ഒരു പൊട്ടിത്തെറിയാണ് തൊള്ളായിരത്തി ഇരുപത്തി ഒന്നിൽ സംഭവിച്ചത്. അതിൽ ജന്മികൾക്കെതിരെയുള്ള കർഷകരുടെ അസംതൃപ്തി മാത്രമല്ല, സവർണ മേൽകോയ്മക്കെതിരെയുള്ള അവർണരുടെയും സാമ്രാജ്യത്വത്തിനെതിരെയുള്ള മൊത്തം ജനതയുടെയുമെല്ലാം അസംതൃപ്തിയുണ്ട്. വില്യം ലോഗൻ 1850കളിൽ തന്നെ ഇക്കാര്യം പ്രവചിക്കുന്നുണ്ട്. മുസ്‌ലിം കുടിയാന്മാർ നിരന്തരമുള്ള പീഡനങ്ങൾക്ക് വിധേയമാകുകയാണ്. ഇത് സർക്കാർ ഇടപെട്ട് പരിഹരിക്കുന്നില്ലെങ്കിൽ അനിവാര്യമായും ഒരു പൊട്ടിത്തെറിയുണ്ടാകുമെന്ന് അന്നു തന്നെ ലോഗൻ മുന്നറിയിപ്പ് നൽകുന്നുണ്ട്. ബ്രിട്ടീഷ് മേധാവിയായിരുന്ന ഒരാൾക്ക് മനസ്സിലാക്കാൻ സാധിച്ച അത്രപോലും ഇന്ത്യയിലുള്ളവർക്ക് മനസ്സിലാക്കാനാവുന്നില്ലെന്നു പറയുന്നത് സഹതാപാർഹമാണ്. ആരെങ്കിലും തെറ്റിദ്ധരിപ്പിക്കുന്നത് പോലെ ആരുടെയെങ്കിലും പ്രസംഗത്തിന്റെയോ പ്രവർത്തനങ്ങളുടെയോ ഫലമായല്ല മലബാർ സമരം രൂപപ്പെട്ടത്. ഒരു ജനതയുടെ ജീവിതം തന്നെ അസാധ്യമായിത്തീർന്നപ്പോൾ അനിവാര്യമായും ആ ജനത നടത്തിയ അതിജീവനത്തിനായുള്ള ശ്രമമായിരുന്നു ആ സമരം. അതുകൊണ്ട് അത് ഇന്ത്യൻ സ്വാതന്ത്ര സമരത്തിന്റെ ഭാഗമാണ്. അതേ സമയം തന്നെ ജന്മിത്വത്തിനെതിരെയുള്ള കർഷകരുടെ സമരമാണ്. സവർണ മേൽകൊയ്മക്കെതിരെയുള്ള കീഴാളരുടെ സമരമാണ്. ആ അർത്ഥത്തിൽ മലബാർ സമരം അനിവാര്യമായും അനുസ്മരിക്കപ്പെടേണ്ടതാണ്.

അനുസ്മരണം എന്നതുതന്നെ സത്യത്തിൽ ആഘോഷമാണ്. അനുസ്മരണത്തിന്റെ അടിസ്ഥാനമെന്നത് ഭൂതകാലത്തെക്കുറിച്ചുള്ള കേവല ഓർമകളല്ല. ഭൂതകാലത്തിലെ സംഭവവും വർത്തമാനത്തിലെ അവസ്ഥയും തമ്മിലുള്ള ഒരു സംവാദത്തിലൂടെയാണ് അനുസ്മരണം സജീവമാകുന്നത്. 1921 ലെ മലബാർ സമരം സാമ്രാജ്യത്വ വിരുദ്ധ സമരമാണെങ്കിൽ, ഇന്നത് സാമ്രാജ്യത്വ വിരുദ്ധ സമരങ്ങൾക്കുള്ള ഊർജ്ജം കൂടിയാണ്. മുൻ കാല സമരങ്ങളിൽ നിന്ന് ഏതുജനതയും ഊർജ്ജം സ്വീകരിക്കും. ഇന്ന് സാമ്രാജ്യത്വത്തിനെതിരെയുള്ള സമരം അതിന്റെ അകത്തളങ്ങളിൽ തന്നെ നടക്കുകയാണ്. വാൾസ്ട്രീറ്റ് തന്നെ ഉദാഹരണം. ഏതെങ്കിലുമൊരാൾപ്രഭാഷണം നടത്തി കൃത്രിമമായുണ്ടാക്കിയതല്ല അത്. അത്തരം സമരങ്ങൾ നടക്കുമ്പോൾ സ്വാഭാവികമായും മുമ്പ് നടന്ന സമരങ്ങളെ കൂടുതൽ മനസ്സിലാക്കാൻ ജനങ്ങൾ ശ്രമിക്കും. അതിൽ നിന്ന് ആവേശം കൊള്ളും. പക്ഷേ, അതൊരിക്കലും ഭൂതകാലത്തിന്റെ ആവർത്തനമല്ല. അതാരു വിചാരിച്ചാലും നടക്കുകയുമില്ല. മലബാർ സമരം അതേപോലെ ആവർത്തിക്കുക സാധ്യമല്ല. കാരണം, അതിനെ സാധ്യമാക്കിയ സാഹചര്യം അതേപോലെ ഇന്നു തുടരുന്നില്ല. അതേ സമയം ആ സമരം രൂപംകൊണ്ട സാഹചര്യവുമായി പൊരുത്തപ്പെടുന്ന സമാന സന്ദർഭങ്ങൾ ലോകത്തുടനീളം ഇന്നു നിലനിൽക്കുന്നുണ്ട്. അതുകൊണ്ട് കേരളത്തിൽ ഒരു സാമ്രാജ്യത്വ വിരുദ്ധ സമരം നടക്കുമ്പോൾ, തീർച്ചയായും കേരളീയർ ഇവിടെ മുമ്പുനടന്ന സാമ്രാജ്യത്വ വിരുദ്ധ സമരങ്ങളിൽ നിന്ന് ആവേശം കൊള്ളും. ഡോ. എം ഗംഗാധരനോ അതുപോലുള്ള ഏതെങ്കിലും ചരിത്രകാരൻ വിലക്കുന്നതു കൊണ്ട് അത് നിലക്കുകയില്ല. സമരമുണ്ടെങ്കിൽ മുൻകാല സമരങ്ങളിൽ നിന്ന് ആളുകൾ ആവേശംകൊണ്ടിരിക്കും. മലബാർ സമരം അനുസ്മരിക്കണമെന്ന് ആത്മാർത്ഥമായി അദ്ദേഹം ആഗ്രഹിച്ചിരുന്നെങ്കിൽ അനുസ്മരണത്തെ അതിന്റെ സമഗ്രതയിൽ തന്നെ അദ്ദേഹം അംഗീകരിക്കേണ്ടിയിരുന്നു. അതിൽ സെമിനാറും സംവാദവും വ്യത്യസ്താശയങ്ങളുടെ ഏറ്റുമുട്ടലുകളുമൊക്കെയുണ്ടാകും.

***ഒരു സമരം ആഘോഷിക്കപ്പെടണമെങ്കിൽ എന്തെങ്കിലും ഒരു ഗുണഫലം അത് സമൂഹത്തിനു നൽകണം. മലബാർ സമരം അത്തരം യാതൊരു ഗുണഫലവും നൽകിയിട്ടില്ല. ജാലിയൻ വാലാബാഗ് ആരും ആഘോഷിക്കാറില്ല. അതുപോലെ തന്നെയാണിതും... ഗംഗാധന്റെ ഈ വാദങ്ങൾ ന്യായമല്ലേ?***

= അത് വസ്തുതാപരമായി തെറ്റാണ്. ആത്മബോധമുള്ള ഇന്ത്യക്കാർ ജീവിച്ചിരിക്കുന്നയിടത്തോളം വിസ്മരിക്കാനാകാത്ത ക്രൂരതയാണ് ജാലിയൻ വാലാബാഗ്. ഏറെക്കുറേ ജാലിയൻ വാലാബാഗിനു സമാനമാണ് വാഗൺട്രാജഡി. ഇത് രണ്ടും ആത്മാഭിമാനമുള്ള ജനത ഓർത്തിരിക്കേണ്ടതാണ്. ബ്രിട്ടീഷ് സാമ്രാജ്യത്വമാണ് ജാലിയൻ വാലാബാഗ് കൂട്ടക്കൊലയുടെ ഉത്തരവാദികൾ. ഇന്നത്തെ ബ്രിട്ടീഷുകാർക്ക് അതിൽ യാതൊരു ഉത്തരവാദിത്വവുമില്ല. എന്നിട്ടും ഞങ്ങളുടെ മുൻഗാമികളായ ഭരണാധികാരികളുടെ ക്രൂരതയോർത്ത് ലജ്ജിക്കുന്നു എന്നാണ് ഇന്ത്യ സന്ദർശിക്കാനെത്തുന്ന ബ്രിട്ടീഷുകാർ പറയുന്നത്. സാമ്രാജ്യത്വ ക്രൂരതയുടെ സിംബലുകളാണ് ജാലിയൻ വാലബാഗും വാഗൺ ദുരന്തവുമെല്ലാം. അത്കൊണ്ട് അൽഷിമേഴ്സ് ബാധിച്ചിട്ടില്ലാത്ത ഓരോരുത്തരും സാമ്രാജ്യത്വത്തിന്റെ ആ ക്രൂരതകൾ ഓർത്തിരിക്കേണ്ടതാണ്.

ഈ സമരങ്ങൾകൊണ്ടൊന്നും ഒന്നും ഉണ്ടായിട്ടില്ലെന്ന് ഗംഗാധരൻ മാഷിനെപ്പോലുള്ള ഒരാൾ പറയുന്നത് സഹതാപാർഹമാണ്. കാരണം ജാലിയൻ വാലബാഗ് ഉൾപ്പെടെയുള്ള നിരവധി സമരങ്ങളുടെ ആകെത്തുകയിലാണ് ഇന്ത്യൻ സ്വാതന്ത്ര്യം സാക്ഷാൽകരിക്കപ്പെട്ടത്. അതിൽ ഓരോ സമരവും അതിന്റേതായ സംഭാവന നൽകിയിട്ടുണ്ട്. ഒരു സമരത്തിന്റെ വിജയം അതുയർത്തിപ്പിടിച്ച മുദ്രാവാക്യത്തിന്റെ വിജയത്തിൽ

മാത്രം പരിമിതപ്പെട്ടതല്ല. 1921 ബ്രിട്ടീഷ് സാമ്രാജ്യത്തെ വെല്ലുവിളിക്കുകയും വിറപ്പിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ അതും സ്വാതന്ത്ര്യത്തിനു നൽകിയ സംഭാവനയാണ്. ആ അർഥത്തിലാണ് നാം ആഘോഷിക്കണമെന്നു പറയുന്നത്. ഏതൊരു സമരത്തിനും അതിന്റേതായ പരിമിതികളുണ്ട്. അത് പരിമിതികൾ തന്നെയാണ്. അതിനെ ആരെങ്കിലും ആഘോഷിക്കുന്നെങ്കിൽ അത് അപകടകരമാണ്. അത് ഏതു സമരത്തിനും ബാധകവുമാണ്. മലബാർ സമരത്തിന്റെ സാധ്യതകളെയാണ് വർത്തമാനകാലത്ത് നാം സ്വാംശീകരിക്കുന്നത്. അതിനെയാണ് നാം അഭിവാദ്യം ചെയ്യുന്നത്.

***പരിമിതികൾ ആഘോഷിക്കപ്പെടരുത് എന്നു പറഞ്ഞാൽ?***

= ആ സമരം ചില ഘട്ടങ്ങളിൽ വർഗീയ സംഘർഷങ്ങളിലേക്ക് വഴുതിമാറിയിട്ടുണ്ട്. ബ്രിട്ടീഷ് വിരുദ്ധവും ജന്മിത്വ വിരുദ്ധവുമായ സമരം ചില സമയങ്ങളിൽ ഹിന്ദു മുസ്‌ലിം സംഘട്ടനങ്ങളായി. അതിനെ തുടക്കം മുതലേ ഒരു ഹിന്ദു മുസ്‌ലിം സംഘർഷമാക്കി മാറ്റാൻ ബ്രിട്ടീഷുകാർ ശ്രമിച്ചിരുന്നു. അതിലവർ വിജയിച്ചിട്ടുണ്ട്. അവർക്ക് ജയിക്കാനാകും വിധം സമരത്തിൽ പങ്കെടുത്ത ചിലരുടെ ഭാഗത്തുനിന്നു വഴുക്കൽ ഉണ്ടായിട്ടുണ്ട്. അതൊരിക്കലും ഇനി ആവർത്തിക്കാൻ പാടില്ല. സമരത്തെ അനുസ്മരിക്കുകയും അപഗ്രതിക്കുകയുമൊക്കെയാണ് അതിനുള്ള പരിഹാര മാർഗം.

***ആ വഴുക്കൽ എന്നു പറയുന്നത് ജന്മിമാർ ഒരു പ്രത്യേക മതത്തിലും കുടിയാന്മാർ മറ്റൊരു മതത്തിലും ആയിരുന്നപ്പോളുണ്ടായ സംഘട്ടനത്തെ സ്വാഭാവികമായും പിന്നീട് ചിത്രീകരിക്കപ്പെട്ടതായിരിക്കില്ലേ?***

= ജന്മിമാർ ഒരു പ്രത്യേക സമുദായത്തിലും കുടിയാന്മാർ മറ്റൊരു സമുദായത്തിലും പെട്ടവരാകുമ്പോൾ സാമ്രാജ്യത്വത്തിന് അതിനെ വികൃതമാക്കി അവതരിപ്പിക്കാൻ എളുപ്പമാണ്. അതവർ ചെയ്തിട്ടുണ്ട്. യഥാർത്ഥത്തിൽ ഈ സമരം ഹിന്ദു- മുസ്‌ലിം സംഘർഷമായിരുന്നില്ലെന്ന് തെളിയിക്കുന്ന എമ്പാടും തെളിവുകളുണ്ട്. വാഗൺ ട്രാജഡിയിൽ പോലും ശ്വാസം മുട്ടി മരിച്ചവരിൽ ഹിന്ദുക്കളുണ്ട്. സമരത്തിന്റെ പേരിൽ അറസ്റ്റു ചെയ്യപ്പെട്ടവരിൽ നാനാജാതിക്കാരുമുണ്ട്. സമരക്കാർ കൊന്നുകളഞ്ഞവരിൽ മുസ്‌ലിം പ്രമാണിമാരുണ്ട്. അതുകൊണ്ടുതന്നെ ഇത് ഹിന്ദു വിരുദ്ധമായിരുന്നില്ല. സാമ്രാജ്യത്വ വിരുദ്ധവും ജന്മിത്വ വിരുദ്ധവും തന്നെയായിരുന്നു. പക്ഷേ, ഒരു ഘട്ടത്തിൽ വഴുതിപ്പോവുകയും നിർബന്ധിത മതപരിവർത്തനങ്ങളുൾപ്പെടെയുള്ളവ നടക്കുകയും ചെയ്തിട്ടുണ്ട്. അതു ന്യായീകരിക്കാനാവില്ല. അതാവർത്തിക്കപ്പെടാനും പാടില്ല. അതേ സമയം സമരത്തിന്റെ സന്ദേശം സാമ്രാജ്യത്വ വിരുദ്ധവും ജന്മിത്വവിരുദ്ധവുമാണ്. തീർച്ചയായും അതേകുറിച്ച് ഓർത്ത് അഭിമാനം കൊള്ളേണ്ടതുണ്ട്. ഏതെങ്കിലും ഒരു മത സമുദാത്തിന്റെ മാത്രമല്ല, ഇന്ത്യൻ ജനതയുടെ ആത്മാഭിമാനത്തിന്റെ പ്രശ്നമാണത്. അങ്ങനെയാണ് കാണേണ്ടത്. നിർഭാഗ്യവശാൽ ഇപ്പോഴും ഇതെന്തോ മതപരമായ സംഘർമായിരുന്നെന്നാണ് പലരുംധരിച്ചുവെച്ചിരിക്കുന്നത്. പല ചരിത്രകാരന്മാരും വസ്തുതകളുടെ അടിസ്ഥാനത്തിൽ ഇതേ കുറിച്ച് പഠിച്ചിട്ടുണ്ട്. പക്ഷേ, അവരുടെ കാഴ്ചപ്പാടുകളിപ്പോഴും ഹിച്ച്കോക്കിന്റേതാണ്. സമരത്തെ കുറിച്ച് ബ്രിട്ടീഷുകാരുടെയും ഇന്ത്യൻ ദേശീയവാദികളുടെയും സമരത്തിൽ പങ്കെടുത്തവരുടെയുമെല്ലാം വ്യാഖ്യാനങ്ങളുണ്ട്. അവ പരസ്പരം ഏറ്റുമുട്ടുന്ന സംവാദവേദിയാണ് 1921. അത അങ്ങനെ തന്നെ തുടരുകയും ചെയ്യും.

***വ്യത്യസ്ത ഘടകങ്ങളാണ് മലബാർ സമരത്തെ നയിച്ചതെന്ന് താങ്കൾ പറഞ്ഞു. അതേ സമയം ഇ.എം.എസ് ഉൾപ്പെടെയുള്ള ഇടതുപക്ഷ ചരിത്രകാരന്മാർ വെറുമൊരു കാർഷിക കലാപമായിട്ടാണ് ഇതിനെ കാണുന്നത്?***

= കർഷരുടെ പ്രശ്നം സമരത്തിലുണ്ടായിട്ടുണ്ട്. അതിനു ഊന്നൽ കൊടുക്കുമ്പോൾ ഒരു കാർഷിക സമരമാണെന്ന വ്യാഖ്യാനം വരും. അതേ സമയം ഇതൊരു ബ്രിട്ടീഷ് വിരുദ്ധ സമരമാണ്. ജന്മിമാരെ സഹായിക്കുകയാണല്ലോ ബ്രിട്ടീഷുകാർ ചെയ്തത്. അപ്പോൾ സ്വാഭാവികമായും അത് ബ്രിട്ടീഷുകാർക്കെതിരെയുള്ള സമരമായി മാറി. ഏതൊരു ഘടകത്തിനാണോ നാം ഊന്നൽ കൊടുക്കുന്നത് അതനുസരിച്ചുള്ള വിശദീകരണങ്ങളും വ്യഖ്യാനങ്ങളും ഉണ്ടാകും. പക്ഷേ, പൊതുവിൽ ഈ സമരത്തിന്റെ വ്യത്യസ്ത സ്വഭാവങ്ങൾ



ഇംഗ്ലീഷ് പഠിക്കുന്നതോടൊപ്പം മസ്തിഷ്ക പ്രക്ഷാളനം നടത്തുന്ന ഇംഗ്ലീഷിനെ വേറിട്ടു ചൂണ്ടിക്കാണിച്ചു അതിനെതിരെ സൈദ്ധാന്തിക വിമർശനം ഉന്നയിക്കാൻ സാധിച്ചിരുന്നെങ്കിൽ അതിനു പ്രസക്തിയുണ്ടാകുമായിരുന്നു. അവിടെയാണ് മക്തിതങ്ങളുടെയും സർസയ്യിദിന്റെയും പ്രസക്തി. പക്ഷേ, സർസയ്യിദ് ബ്രിട്ടീഷ് സാമ്രാജ്യത്വത്തോട് ചെറിയൊരു മൃദുസമീപനം പുലർത്തിയിരുന്നു. അത് രാഷ്ട്രീയ കാഴ്ചപ്പാടിൽ അംഗീകരിക്കാനാവില്ലെങ്കിലും സാംസ്കാരിക കാഴ്ചപ്പാടിൽ മുസ്‌ലിംകളിൽനിന്നു അഭ്യസ്തവിദ്യരായ ഒരു ധൈഷണിക സമൂഹത്തിന്റെ വളർച്ചക്ക് കളമൊരുക്കി എന്ന് അംഗീകരിക്കേണ്ടതുണ്ട്.

ഏറെക്കുറേ സർവ്വ സമ്മതമായി തന്നെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ബ്രിട്ടീഷ് വ്യാഖ്യാനവും സംഘ്പരിവാർ വ്യാഖ്യാനവുമാണ് അതിനെ ഏറ്റവും സങ്കുചിതമായി വളച്ചൊടിച്ചത്.

***1921നെ സമരം എന്നതിനു പകരം കലാപം, ലഹള എന്നൊക്കെയാണ് നാം മിക്കപ്പോഴും വിളിക്കാറ്. അതിൽ തന്നെ ഒരു അജണ്ട പതിയിരിക്കുന്നില്ലേ?***

= അതങ്ങനെ തന്നെയാണ്. 1857ലാണ് ഇന്ത്യയിലെ ആദ്യത്തെ സ്വാതന്ത്ര സമരം. അതിനെ ശിപായി ലഹള എന്നാണ് ബ്രിട്ടീഷുകാർ വിളിച്ചത്. അത് സ്വാഭാവികമാണ്. കാരണം അവരെ സംബന്ധിച്ചിടത്തോളം ഒരു തരത്തിലുള്ള പ്രബുദ്ധതയുമില്ലാത്ത പ്രാകൃതരായ ഒരു ജനക്കൂട്ടം നടത്തുന്ന ഒരു പ്രതികരണമായി മാത്രമാണത. അവർ സ്വയം പരിഷ്കൃതരാണ്. അവരുടെ ഭരണവും പരിഷ്കൃതമാണ്. അതിനെതിരെ വിവരമില്ലാത്തവർ നടത്തുന്ന വെറുമൊരു കോപ്രായമായിട്ടാണവരിതിനെ കാണുന്നത്. പക്ഷേ, അത് ഇന്ത്യയിലെ ആദ്യത്തെ സ്വാതന്ത്ര്യ സമരമാണ്. ബ്രിട്ടീഷുകാർ അതംഗീകരിച്ചിട്ടില്ല. ഇന്ത്യൻ ജനത അംഗീകരിക്കുന്നു. അതുപോലെതന്നെയാണ് 1921നെ ലഹള എന്നു വിളിച്ചതും. പദാവലികൾ വലിയ പ്രശ്നമാണ്. സാമ്രാജ്യത്വത്തിന്റെ പദാവലികൾ അവരുടെ താൽപര്യം സംരക്ഷിക്കുന്നതായിരിക്കും. ആ പദാവലിയെ പിൻപറ്റികൊണ്ടുള്ള വിശകലനം ജനാധിപത്യത്തിൽ തുടരുന്നത് നന്നല്ല.

***കേരളത്തിന്റെ സാംസ്കാരിക മണ്ഡലം സവർണമാണെന്നു കെ.ഇ.എന്നിനെ പോലുള്ളവർ നിരന്തരം പറയാറുണ്ട്. എന്തുകൊണ്ടാണങ്ങനെ സംഭവിക്കുന്നത്?***

= പതിമൂന്നാം നൂറ്റാണ്ടിൽ ചൗജൂക്കോ എന്ന ഒരു ചൈനക്കാരൻ കേരളം സന്ദർഷിക്കുകയുണ്ടായി. അന്നിവിടെ ബുദ്ധമതക്കാരായിരുന്നു ഭൂരിപക്ഷം. കേരളത്തിലിപ്പോൾ ഇരുനൂറിൽ താഴെ ബുദ്ധമതക്കാർ മാത്രമാണുള്ളത്. അന്ന് ബുദ്ധമതക്കാർ കൂടുതലുണ്ടായിട്ടും ചൗജൂക്കോ നമ്പീരാജ്യം എന്നാണ് കേരളത്തെ വിളിച്ചത്. നമ്പൂതിരിമാർ ഇവിടെ ന്യൂനപക്ഷമാണ്. പക്ഷേ, സാംസ്കാരിക രംഗത്ത് അന്നും അവർക്കായിരുന്നു മേൽകൊയ്മ. നവോത്ഥാന കാലഘട്ടത്തിലാണ് ആ മേൽകൊയ്മ ഒരു പരിധിവരെ ചോദ്യം ചെയ്യപ്പെട്ടത്. നാടുവാഴി കാലഘട്ടത്തിൽ എതിരില്ലാതെ തന്നെ സവർണമേധാവിത്വം നിലനിന്നു. നവോത്ഥാന കാലത്ത് ശ്രീനാരായണ ഗുരുവിനെപ്പോലുള്ള നായകന്മാർ അതിനെ ചോദ്യം ചെയ്തു. അതിനു മുമ്പുതന്നെ മമ്പുറം തങ്ങന്മാരെ പോലുള്ളവർ നീ എന്നു വിളിച്ചാൽ തിരിച്ചു നീ എന്നു വിളിക്കണം, തിരുമേനി എന്നു വിളിക്കരുത് എന്നിങ്ങനെയുള്ള കാഴ്ചപ്പാടുകളും ഫത്വകളും അവതരിപ്പിച്ചിട്ടുണ്ട്. അപ്പോൾ കേരളീയ നവോത്ഥാനമാണ് സവർണാധിപത്യത്തിനെതിരെ സമരത്തിനു തുനിഞ്ഞത്.

പക്ഷേ, നവോത്ഥാനത്തിന് ഒരു പ്രശ്നമുണ്ട്. നവോത്ഥാനത്തിൽ ആദ്യമുണ്ടായത് അനുകരണമാണ്. അനുകരണം, എതിർപ്പ്, ആത്മാവിഷ്കാരം എന്നീ മൂന്ന് ഘട്ടത്തിലൂടെയാണ് നവോത്ഥാനം കടന്നു പോകുന്നത്. അതുകൊണ്ടുതന്നെ കീഴാളരിൽ പലരും സവർണതയെ അനുക

നമ്പൂതിരിമാർ ഇവിടെ ന്യൂനപക്ഷമാണ്. പക്ഷേ, സാംസ്കാരിക രംഗത്ത് അന്നും അവർക്കായിരുന്നു മേൽകൊയ്മ. നവോത്ഥാന കാലഘട്ടത്തിലാണ് ആ മേൽകൊയ്മ ഒരു പരിധിവരെ ചോദ്യം ചെയ്യപ്പെട്ടത്. നാടുവാഴി കാലഘട്ടത്തിൽ എതിരില്ലാതെ തന്നെ സവർണമേധാവിത്വം നിലനിന്നു. നവോത്ഥാന കാലത്ത് ശ്രീനാരായണ ഗുരുവിനെപ്പോലുള്ള നായകന്മാർ അതിനെ ചോദ്യം ചെയ്തു. അതിനു മുമ്പുതന്നെ മമ്പുറം തങ്ങന്മാരെ പോലുള്ളവർ നീ എന്നു വിളിച്ചാൽ തിരിച്ചു നീ എന്നു വിളിക്കണം, തിരുമേനി എന്നു വിളിക്കരുത് എന്നിങ്ങനെയുള്ള കാഴ്ചപ്പാടുകളും ഫത്വകളും അവതരിപ്പിച്ചിട്ടുണ്ട്.



രിക്കാനാണ് ശ്രമിച്ചത്. ഈ ഒന്നാം ഘട്ടം കടന്ന് നവോത്ഥാനം എതിർപ്പിന്റെ രണ്ടാം ഘട്ടത്തിലേക്ക് കടന്നെങ്കിലും സ്വന്തം ആവിഷ്കാരത്തിലേക്ക് അത് വികസിച്ചില്ല. ഈ ഒരു പശ്ചാതലത്തിലാണ് മുഖ്യധാരാ മാധ്യമങ്ങളിലൂടെയും ഭരണകൂട മേൽകൊയ്മയിലൂടെയും അത് അടിച്ചേൽപ്പിക്കപ്പെട്ടത്. ആ അർഥത്തിൽ സവർണ സംസ്കാരത്തിന്റെ ഒരു അദൃശ്യ സാന്നിദ്ധ്യം ഇപ്പോഴും ഇവിടെയുണ്ട്. ഒരു പ്രത്യയശാസ്ത്രം എത്രകണ്ട് അദൃശ്യമാകുന്നുവോ അത്രകണ്ട് അത് അജയ്യമാകും. പ്രകടമാകുമ്പോൾ സ്വാഭാവികമായും മറ്റുള്ളവർക്ക് അതിനോട് ഏറ്റുമുട്ടാൻ പറ്റും. അത് അന്തകരീക്ഷത്തിൽ ലയിച്ചു കഴിഞ്ഞാൽ ഏറ്റുമുട്ടൽ പ്രയാസകരമാവും. ഇവിടെ സവർണത എത്രയോ നൂറ്റാണ്ടുകളുടെ രാഷ്ട്രീയാധികാരത്തിലൂടെ കേരളത്തിന്റെ സാംസ്കാരികാന്തരീക്ഷത്തിൽ ലയിക്കുകയായിരുന്നു. ഇന്നതിനെ വെല്ലുവിളിക്കുന്ന രചനകളും ഇടപെടലുകളും സജീവമാണെങ്കിലും പൊതുവെ അതിന്റെ മേൽകൊഴ്മ അവസാനിച്ചിട്ടില്ല.

***നവോത്ഥാനത്തിന്റെ ഒന്നാംഘട്ടമെന്നു പറയുന്ന അനുകരണം ഇപ്പോഴും നിലച്ചിട്ടില്ലല്ലോ?***

= 1822 മുതൽ 1889 വരെയാണ് ചാന്നാർ സ്ത്രീകളുടെ മാറുമറക്കാനുള്ള സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരം. അത് വിജയിച്ചുവെന്നാണ് പൊതുവെ കരുതപ്പെടുന്നത്. യഥാർത്ഥത്തിൽ അത് പരാജയപ്പെടുകയായിരുന്നു. 1859-ൽ തിരുവിതാംകൂറിലെ ഉത്രാടം തിരുനാൾ മഹാരാജാവ് അവർണ സ്ത്രീകൾക്കു മാറു മറക്കാനും മേൽമുണ്ട് ഉപയോഗിക്കാനുമുള്ള സ്വാതന്ത്ര്യം അനുവദിച്ചെങ്കിലും അത് സവർണരെപ്പോലെയാകരുതെന്നു നിബന്ധനവെച്ചു. ഈ സമരം യഥാർത്ഥത്തിൽ സവർണരെപ്പോലെ വസ്ത്രം ധരിക്കാനുള്ള സ്വാതന്ത്ര്യത്തിനായിരുന്നു. അതിൽ അനുകരണമുണ്ട്. പക്ഷേ, അത് അലസമായ അനുകരണമായിരുന്നില്ല. സമരോത്സുകമായ അനുകരണമാണ്. ആ നിലക്ക് അതിനു പ്രസക്തിയുണ്ടായിരുന്നു. പക്ഷേ, പിന്നീട് കീഴാള സമൂഹം സവർണർരേ പിന്തുടരാൻ ആഗ്രഹിക്കുകയായിരുന്നു.

അത് മുസ്‌ലിം സമുദായത്തിലുമുണ്ടായിട്ടുണ്ട്. കേരളത്തിലെ മുസ്‌ലിംകൾ ഇവിടുത്തെ അധസ്ഥിതരുടെ പിൻമുറക്കാരാണ്. എന്നിട്ടും തങ്ങൾ സവർണരിൽനിന്നു മതം മാറിയവരാണെന്നായിരുന്നു, മതംമാറിയ മുസ്‌ലിംകളുടെയും കൃസ്ത്യാനികളുടെയും ധാരണ. അത് സ്ഥാപിച്ചു തറവാടു വത്കരണം നടത്താനുള്ള ശ്രമങ്ങളുണ്ടായിരുന്നു. അതിനെ പരിഹസിക്കുകയാണ് മുസ്‌ലിം നവോത്ഥാന നായകനായിരുന്ന ഉമർഖാസി ചെയ്തത്. നിങ്ങളുടെ പിതാക്കൾ ഇവിടുത്തെ ആശാരിയും മൂശാരിയുമൊക്കെയായിരുന്നു. നിങ്ങൾ ഇവിടുത്തെ അധ:സ്ഥിതരുടെ പിൻമുറക്കാരാണ്. വെറുതെ തറവാടിത്തത്തിലൊന്നും അഹങ്കരിക്കേണ്ട...എന്നു പറഞ്ഞ് ഈ പൊങ്ങച്ചത്തിന്റെ മൂർദ്ധാവ് അടിച്ചുപൊളിക്കുകയാണ് ഉമർഖാസി ചെയ്തത്. അതു തന്നെയാണ് ഇടശ്ശേരിയൊക്കെ പാടിയത്. ഇവിടെ ഒന്നാം ഘട്ടത്തിലെ കീഴാളരുടെ അനുകരണം സമരോത്സുകമായിരുന്നു. അത് സ്വാഗതാർഹമാണ്. അവിടെ നിന്നും അവർ മുന്നോട്ടു പോകേണ്ടിയിരുന്നു. പക്ഷേ, പലകാരണങ്ങളാലും അവരിൽ പലരും അവിടെ സ്തംഭിച്ചു നിന്നുപോയി.



ഇന്നത്തെ ഏതൊരു കണ്ടുപിടുത്തത്തെയും മൂലധന ശക്തികൾക്ക് സ്വന്തം താൽപര്യത്തിനു വേണ്ടി ഉപയോഗിക്കാനാകും. അതിനെ ചെറുക്കുന്ന ജനതക്കും അതേ ഉപകരണം തന്നെ തങ്ങളുടെ കാഴ്ചപ്പാട് ഉയർത്തിപ്പിക്കാനും ഉപയോഗിക്കാം. അപ്പോൾ പുതിയ കണ്ടുപിടുത്തങ്ങളെ ജനാധിപത്യത്തിനനുകൂലമായി ഉപയോഗിക്കുക എന്നത് ഏതൊരു ജനതയുടെയും ജനാധിപത്യത്തിനെതിരെ ഉപയോഗിക്കുക എന്നത് അധിനിവേശത്തിന്റെയും അജണ്ടയാണ്.

***ഇവിടെ പാശ്ചാത്യൻ സംസ്കാരത്തിന്റെ ഇറക്കുമതി ഉണ്ടായിട്ടുള്ളത് നവോത്ഥാന പ്രസ്ഥാനങ്ങളിലൂടെയാണ്?***

= അതിനെ നാം രണ്ടായി കാണണം. ഒന്ന് ആധുനികതയുടെ ഭാഗമായി വന്ന മാറ്റങ്ങൾ. അതിനെ ഏതൊരു സമൂഹവും അശ്ലേഷിക്കേണ്ടതുണ്ട്. മറ്റൊന്ന്, കൊളോണിയൽ ആധുനികതയുടെ ഭാഗമായി രാഷ്ട്രീയാധികാരം ഉപയോഗിച്ച് അടിച്ചേൽപ്പിക്കപ്പെട്ടത്. അതിനെ ചെറുക്കുകയും വേണം. സാമൂഹിക വികാസത്തിന്റെ ഭാഗമായി അനിവാര്യമായും വികസിച്ചു വന്ന ഒരു ആധുനിക കാഴ്ചപ്പാടുണ്ട്. അതിനെയാണ് സ്വാഗതാർഹം എന്നു പറയുന്നത്. ആധുനികതയെയല്ല; കൊളോണിയൽ ആധുനികതയെയാണ് ചെറുക്കേണ്ടത്. ഇംഗ്ലീഷ് ഭാഷയെതന്നെയെടുക്കാം. അത് ഇന്ത്യയിൽ മൂന്ന് തരത്തിലുള്ള ദൗത്യങ്ങൾ നിർവഹിച്ചിട്ടുണ്ട്. അതിലൊന്ന് ഭൂരിപക്ഷംവരുന്ന ഇന്നാട്ടുകാരെ ഭരിക്കാൻ ഉയർന്ന ഉദ്യോഗങ്ങൾക്ക് ബ്രിട്ടനിൽനിന്ന് ആളെകൊണ്ടുവരികയാണ്. അതാണവർക്ക് സൗകര്യം. എന്നാൽ ക്ലർക്ക്, ഗുമസ്തൻ തുടങ്ങിയ ചെറിയ ഉദ്യേഗങ്ങൾക്ക് ഇംഗ്ലണ്ടിൽനിന്നും ആളെ കൊണ്ടുവരുന്നത് നഷ്ടമായതുകൊണ്ട് ഇവിടെ നിന്നു തന്നെ അത്തരക്കാരെ ഉണ്ടാക്കിയെടുക്കുകയാണ്. അതിനു വേണ്ടി ഭരണാവശ്യമാത്ര ഇംഗ്ലീഷ് അഭ്യസിക്കാം. അതാണ് വില്ല്യം വെല്ലിക് പ്രഭു ഇംഗ്ലീഷ് പഠനത്തിലൂടെ ഉദ്ദേശിച്ചത്. ആ ഇംഗ്ലീഷ് പഠനത്തെ ചോദ്യം ചെയ്യേണ്ട കാര്യമില്ല.

രണ്ടാമതായി, ചരിത്രപരമായ കാരണങ്ങളാൽ അറിവിന്റെ ലോകത്തേക്ക് ഏറ്റവും വലിയ വാതിൽ തുറക്കാനായത് ഇംഗ്ലീഷിനാണ്. അതുകൊണ്ട് അറിവിനെ പരിചയപ്പെടാനുള്ള ഒരു മാധ്യമം എന്ന നിലക്ക് ഇംഗ്ലീഷ് സ്വാഗതാർഹമാണ്. രാജാറാം മോഹൻ റോയിയൊക്കെ ഉൾക്കൊണ്ടത് ഇതിനെയാണ്. മൂന്നാമതൊരു ഇംഗ്ലീഷുണ്ട്. അത് മൊക്കോളെ അടിച്ചേൽപ്പിക്കാൻ ശ്രമിച്ചതാണ്. നിറത്തിലും ആകൃതിയിലുമെല്ലാം ഇന്ത്യക്കാരനും പെരുമാറ്റത്തിലും സ്വഭാവത്തിലും കാഴ്ചപ്പാടിലും ഇംഗ്ലീഷുകാരനുമായിരിക്കുന്ന ഒന്ന്. ഒരു ജനതയുടെ സാംസ്കാരിക ജീവിതത്തെ തന്നെ അസാധ്യമാക്കുന്നത്. മസ്തിഷ്ക പ്രക്ഷാളനത്തിലൂടെ അവരെ വെറും തൊമ്മികളാക്കുകയാണത്. അത് ചെറുക്കപ്പെടേണ്ടത് തന്നെയാണ്. അപ്പോൾ ഇംഗ്ലീഷിനെ കേവലമായി എതിർക്കുന്നത് ശരിയല്ല. അതിലെ ഏതു ധാരയാണോ മസ്തിഷ്ക പ്രക്ഷാളനത്തിനുപയോഗിക്കപ്പെട്ടതെങ്കിൽ അതിനെയാണ് വിട്ടുവീഴ്ചയില്ലാതെ എതിർക്കേണ്ടത്.

***നമ്മുടെ ചിന്തയിലും സംസ്കാരത്തിലും ചിരിച്ചുകൊണ്ട് അധിനിവേശം നടത്തുകയായിരുന്നല്ലോ അത്?***

= ഇന്നത്തെ ഏതൊരു കണ്ടുപിടുത്തത്തെയും മൂലധന ശക്തികൾക്ക് സ്വന്തം താൽപര്യത്തിനു വേണ്ടി ഉപയോഗിക്കാനാകും. അതിനെ ചെറുക്കുന്ന ജനതക്കും അതേ ഉപകരണം തന്നെ തങ്ങളുടെ കാഴ്ചപ്പാട് ഉയർത്തിപ്പിക്കാനും ഉപയോഗിക്കാം. അപ്പോൾ പുതിയ കണ്ടുപിടുത്തങ്ങളെ ജനാധിപത്യത്തിനനുകൂലമായി ഉപയോഗിക്കുക എന്നത് ഏതൊരു ജനതയുടെയും ജനാധിപത്യത്തിനെതിരെ ഉപയോഗിക്കുക എന്നത് അധിനിവേശത്തിന്റെയും അജണ്ടയാണ്. ഈ അജണ്ടകൾ തമ്മിൽ എന്നും ഏറ്റുമുട്ടും. ഇവിടെ നമ്മുടെ സാധ്യതയെയാണ് നാം ഉപയോഗപ്പെടുത്തേണ്ടത്. അത്തരം സാധ്യതകളെ തള്ളിക്കളയുന്നതാണ് പ്രശ്നം. മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം അവർ ഇംഗ്ലീഷിനെതിരെ എടുത്ത നിലപാട് എടുത്തുനോക്കൂ. അതിൽ ചെറിയൊരു ശരിയും വലിയൊരു തെറ്റുമുണ്ട്. ഇംഗ്ലീഷ് പഠിക്കുന്നതോടൊപ്പം മസ്തിഷ്ക പ്രക്ഷാളനം നടത്തുന്ന ഇംഗ്ലീഷിനെ വേറിട്ടു ചൂണ്ടിക്കാണിച്ചു അതിനെതിരെ സൈദ്ധാന്തിക വിമർശനം ഉന്നയിക്കാൻ സാധിച്ചിരുന്നെങ്കിൽ അതിനു പ്രസക്തിയുണ്ടാകുമായിരുന്നു. അവിടെയാണ് മക്തി തങ്ങളുടെയും സർസയ്യിദിന്റെയും പ്രസക്തി. പക്ഷേ, സർസയ്യിദ് ബ്രിട്ടീഷ് സാമ്രാജ്യത്വത്തോട് ചെറിയൊരു മൃദുസമീപനം പുലർത്തിയിരുന്നു. അത് രാഷ്ട്രീയ കാഴ്ചപ്പാടിൽ അംഗീകരിക്കാനാവില്ലെങ്കിലും സാംസ്കാരിക കാഴ്ചപ്പാടിൽ മുസ്‌ലിംകളിൽനിന്നു അഭ്യസ്തവിദ്യരായ ഒരു ധൈഷണിക സമൂഹത്തിന്റെ വളർച്ചക്ക് കളമൊരുക്കി എന്ന് അംഗീകരിക്കേണ്ടതുണ്ട്. എല്ലാത്തിനെയും സാമാന്യ വത്കിരിച്ചു കാണുന്നതിനു പകരം ഓരോന്നിന്റെയും സാധ്യതയും പരിമിതിയും നാം കാണാണം.

***അധിനിവേശത്തിന്റെ കെടുതിയിൽപെട്ട് എല്ലാവരും ഒഴുക്കിനൊത്ത് നീങ്ങിയപ്പോൾ എതിരെ നീന്തി പ്രതിരോധം സൃഷ്ടിക്കാൻ ശ്രമിച്ച ഒരു സമുദായമെന്ന നിലക്ക് കേരളത്തിലെ മുസ്‌ലിംകൾക്ക് ഇവിടെ പ്ലസ്മാർക്ക് കൊടുക്കയല്ലേ ചെയ്യേണ്ടത്?***

= അധിനിവേശ വിരുദ്ധമായിരിക്കുമ്പോൾ തന്നെ ആധുനികവിരുദ്ധമായി തീരുന്നത് ഏതൊരു സമൂഹത്തിലും കടുത്ത പ്രതിസന്ധി സൃഷ്ടിക്കും. ഉദാഹരണത്തിനു ടെലിവിഷൻ. അതുകാണുമ്പോൾ സാംസ്കാരികമായ പല വൈറസുകളും നമ്മുടെ അകത്തേക്കു കയറാനിടയുണ്ട്. പക്ഷേ, അതുകൊണ്ടു മാത്രം ടെലിവിഷൻ കാണരുതെന്ന് പറയാനാകില്ല. ഇതേ ടെലിവിഷൻ തന്നെയാണല്ലോ വൈറസിനെതിരെയുള്ള പ്രതിരോധവും സൃഷ്ടിക്കുന്നത്. അതിനെ ഒരു സമര വീഥിയായി കാണണം. എങ്കിലേ ആധുനികതയിലേക്ക് എത്തിപ്പെടാനാകൂ. ആധുനികയെന്നാൽ കൊളോണിയൽ ആധുനികതയല്ല; ജനകീയ ആധുനികതയാണ്. കൊളോണിയൽ ആധുനികതക്കെതിരെ സമരം ചെയ്യുന്നതോടൊപ്പം ജനകീയ ആധുനികതയെ ഉയർത്തിപ്പിടിക്കണം.

***എല്ലാവർക്കും ഏറ്റുമുട്ടാനാകുന്ന സമരവീഥിയും വിവേചനാധികാരം ഉപയോഗിക്കാനാകുന്നതുമാണ് ടെലിവിഷൻ എന്നു പറയുന്നു. വാർത്തകളും വിനോദങ്ങളും ആരവതരിപ്പിച്ചാലും സ്രോതസ് ഒറ്റൊന്ന് മാത്രമാകുന്ന ഇക്കാലത്ത് വിവേചനാധികാരം നഷ്ടപ്പെടുകയല്ലേ ചെയ്യുന്നത്?***

= നമ്മുടെയുള്ളിൽ ഒരു പ്രതിരോധ ശക്തിയുണ്ടല്ലോ. അത് വർദ്ധിപ്പിക്കുകയാണ് വേണ്ടത്. നമുക്കൊരിക്കലും ഒരു സാങ്കൽപിക ലോകത്ത് ജീവിക്കാനാകില്ല. നല്ല ഇന്നലെകളിൽനിന്നല്ല; ചീത്തയായ ഇന്നിന്റെ നടുവിൽനിന്നാണ് നമുക്ക് തുടങ്ങാനുള്ളത് എന്ന ബ്രത്തോൾഡ് ബ്രത്തിന്റെ വാക്കുകൾ ഇവിടെ പ്രസക്തമാണ്. എത്ര ആഗ്രഹിച്ചാലും നല്ല ഇന്നലെകളിലേക്ക് തിരിച്ചുവരാൻ നമുക്കാകില്ല. ആ ഇന്നലെകൾ അത്ര നല്ലതായിരുന്നോ എന്ന സംവാദം വേറെ നടത്തേണ്ടിയും വരും. ഇന്നിൽ നിന്നു നമുക്ക് യാതൊരു രക്ഷയുമില്ലല്ലോ. ഞാൻ കേരളത്തിൽ ജീവിക്കുന്നു. ഇവിടുത്തെ മാലിന്യങ്ങളുടെയും വാണിഭങ്ങളുടെയും വെട്ടിപ്പുകളുടെയും ഇടയിൽതന്നെയാണ് ഞാൻ ജീവിക്കേണ്ടത്. ഇവിടെ എനിക്ക് രണ്ട് ചോയ്സുകളുണ്ട്. മാലിന്യത്തിന്റെ ഭാഗമായി മാറാം. അതിനെതിരെയുള്ള പ്രതിരോധത്തിന്റെ ഭാഗമായി മാറാം. അത് തെരഞ്ഞെടുക്കേണ്ടത് എന്റെ ഉത്തരവാദിത്തമാണ്. അപ്പോൾ ആധുനികതയുടെ ഭാഗമായ ഉപകരണങ്ങളെ ഉപേക്ഷിക്കാനാവില്ല. അതിനു പരിമിതിയെപോലെ സാധ്യതയും ഉണ്ടല്ലോ. ഉദാഹരണത്തിന്, സൈബർ സ്പെയ്സും സോഷ്യൽനെറ്റ് വർക്കും. അവ ജനങ്ങളെ സംഘടിപ്പിക്കുന്നതിലും മറ്റും ശക്തമായ പങ്കുവഹിച്ചുകൊണ്ടിരിക്കുകയാണ്.

***സൈബർ ലോകത്തിലെ സ്വാതന്ത്രം ടി.വി യിൽ ഉണ്ടായില്ല.?***

= സൈബർ ലോകത്ത് ഇപ്പോൾ സെൻസർഷിപ്പ് ഇല്ലാത്തത് കൊണ്ട് ആർക്കും ഇടപെടാമെന്നതു ശരി. ടി.വിയിൽ സെൻസർഷിപ്പുണ്ട്. പക്ഷേ, പരിമിതികളോടെ അവിടയും ആർക്കും കടന്നുവരാമല്ലോ. നിങ്ങൾക്ക് നിങ്ങളുടെ ചാനലുണ്ടാക്കി സ്വന്തം കാഴ്ചപ്പാടുകൾ അവതരിപ്പിക്കാം. അപ്പോൾ സാധ്യതയും പരിമിതിയും ഇവിടെയുണ്ട്. അതിലെ സാധ്യത എത്രകണ്ട് ഉപയോഗിക്കപ്പെടുന്നു എന്നതാണ് നമ്മുടെ മുന്നിലുള്ള പ്രശ്നം. ●

(തുടരും)